**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തോട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തടി ഉല്പാദനത്തിൽ ഗാർഹിക തോട്ടങ്ങളുടെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തടി ഉത്പാദനത്തിൽ ഗാർഹിക തോട്ടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് . കൂടാതെ വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി വിതരണം നടത്തുകയും ചെയ്യുന്നുണ്ട് . |
| (ബി) | ഗാർഹിക തോട്ടങ്ങളിൽ നിന്നുള്ള തടി ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ തടിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തമാക്കുക എന്നത് ലക്ഷ്യമിട്ട് കൈവശസ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സ്ഥലം ഉടമകൾക്ക് ധനസഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, വീട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനത്തിൽപ്പെട്ട മരങ്ങൾക്കാണ് ഈ പദ്ധതിയിൽ ധനസഹായം നൽകുന്നത്. വ്യക്തിഗത കർഷകർ, വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. കുറഞ്ഞത് 50 വൃക്ഷത്തൈകളെങ്കിലും നട്ടുപിടിപ്പിച്ചവർക്കു മാത്രമെ ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അർഹതയുള്ളൂ.<br><br>പദ്ധതി പ്രകാരം താഴെപ്പറയും വിധമാണ് ധനസഹായം ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| | | | 50 മുതൽ 200 വരെ ചെടികൾ :ഒരു ചെടിക്ക് 50/- രൂപാ വീതം.<br><br>201 മുതൽ 400 വരെ ചെടികൾ :ഒരു ചെടിക്ക് 40/- രൂപാ വീതം(മിനിമം 10,000/- രൂപ)<br><br>401 മുതൽ 625 വരെ ചെടികൾ :ഒരു ചെടിക്ക് 30/- രൂപാ വീതം (മിനിമം 16,000/- രൂപ)<br><br>ധനസഹായത്തിന്റെ 50% ഒന്നാം വർഷവും ബാക്കിയുള്ള 50% മൂന്നാം വർഷാന്ത്യത്തിലുമാണ് നൽകുന്നത്.<br><br>കൂടാതെ,വീട്ടുവളപ്പിലും, സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും വച്ചുപിടിപ്പിക്കുന്നതിനായി തടി ഉത്പാദനത്തിന് ഉതകുന്ന തേക്ക്, മഹാഗണി, പ്ലാവ്, കുമ്പിൾ, നീർമരുത്, ഈട്ടി, പൂവരശ്ശ്, കമ്പകം തുടങ്ങിയ വൃക്ഷങ്ങളുടെ തൈകൾ ഉത്പാദിപ്പിച്ച് ജൂൺ-5 പരിസ്ഥിതി ദിനം മുതൽ ജൂലൈ-7 വനമഹോത്സവം വരെയുള്ള കാലയളവിൽ സർക്കാർ സ്ഥാപനങ്ങൾക്കും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കഴിഞ്ഞ മൂന്നു വർഷങ്ങളായി വൃക്ഷത്തൈ നട്ടു പരിപാലിക്കുന്നു എന്ന് ഉറപ്പു വരുത്തി സർക്കാരിതര സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. |
| (സി) | നിലവിൽ ഗാർഹിക തോട്ടങ്ങൾ സംഭാവന ചെയ്യുന്ന തടി വിഭവങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | തേക്ക്, മഹാഗണി, പ്ലാവ്, ആഞ്ഞിലി, കമ്പകം, ഈട്ടി, നീർമരുത്, പൂവരശ്ശ്, കുമ്പിൾ, മട്ടി, കുന്നിവാക, തേമ്പാവ് എന്നിവ ഗാർഹിക തോട്ടങ്ങൾ സംഭാവന ചെയ്യുന്ന തടി വിഭവങ്ങളാണ്. |

സെക്ഷൻ ഓഫീസർ